കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമണ്ണ - ക്ലാരി ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

## (രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.15/6/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
തീയതി.05-01-2020

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്).

പ്രസിഡന്റ്,
(സെക്രട്ടറി മുഖേന)
പെരുമണ്ണ - ക്ലാരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പെരുമണ്ണ - ക്ലാരി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.
************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ - ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)പഞ്ചായത്ത് അസിസിറ്റന്റ് ഡയറക്ടർ
4)കാര്യാലയ പകർപ്പ്
എം.എ്.1/2020

നം കെ.എസ്.എ.എം.പി.എം.15/6/2020/ തിയ്യതി:05-01-2020

## മലപ്പുറം ജില്ലയിലെ പെരുമണ്ണ - ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുമണ്ണ - ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.01.2019 മുതൽ 05.12.2109 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ആർ. അജിത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06.12.2019 മുതൽ 18.12.2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഉണ്ണി പി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| ശ്രീമതി. സൽമത്ത് ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ബിജേഷ് എ എസ് | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി ഫാത്തിമ്മ പൊളുവത്ത് | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ രാജേഷ് എം | 1.04.2018 മുതൽ 09.07.2018 വരെ |
| ശ്രീ പ്രഭാകരൻ പരി | 09.07.2018 മുതൽ 31.03.2019 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. ഫാത്തിമ്മ ഫായിസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ അനിൽ കുമാർ | 01.04.2018 മുതൽ 12.09.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ സുഭാഷ് എസ് | 13.09.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രജിത ടി | 01.04.2018 മുതൽ 18.01.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ജമീല കെ എം | 19.01.2019 മുതൽ 22.02.2019 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി രജിത ടി | 23.02.2019 മുതൽ 31.03.2019 |

| | | |
|---|---|---|
| സൂപ്പർവൈസർ | | വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ മോഹൻദാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ അജിതൻ | 01.04.2018 മുതൽ 30.05.2018 വരെ |
| | ശ്രീമതി പ്രതിഭ എസ് എസ് | 31.05.2018 മുതൽ 17.08.2018 വരെ |
| | ശ്രീ ഷംസീർ | 18.08.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. നസീറ കെ കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ആൻസി ജോസഫ് | 01.04.2018 മുതൽ 13.12.2018 വരെ |
| | ശ്രീ സാബിർ ഇബ്ല കാസിം ടി | 14.12.2018 മുതൽ 13.03.2019 വരെ |
| | ശ്രീമതി സീന കെ എസ് | 14.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. ഗോപകുമാർ | 01.04.2018 മുതൽ 03.01.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. നെഹല പി എം | 04.01.2019 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 5 | 1-5 | പദ്ധതി അവലോകനം. |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമപദ്ധതികൾ |

| | | |
|---|---|---|
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ബിൽഡിംഗ് പെർമിറ്റ് - പൊതു അപാകതകൾ |
| 13 | 1-13 | കെട്ടിടനിർമ്മാണം പൂർത്തിയായ അർദ്ധവർഷം മുതൽ വസ്തു-നികുതി ഈടാക്കിയില്ല |
| 14 | 1-14 | സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകുമ്പോൾ കെട്ടിടങ്ങളുടെ തരം പരിശോധിക്കുന്നില്ല |
| 15 | 1-15 | വസ്തു നികുതി കുറവായി ഈടാക്കി |
| 16 | 1-16 | ഡി & ഒ/ഫാക്ടിയോസ് ലൈസൻസ് പരിശോധന - അപാകതകൾ |
| 17 | 1-17 | ഇന്ററപ്റ്റ് റസീപ്റ്റ് സാംഖ്യയിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് |
| 18 | 1-18 | ടെണ്ടർ പരസ്യത്തിൽ ബ്രാന്റ് നെയിം ഉപയോഗിച്ചു |
| 19 | 1-19 | വിദ്യാർത്ഥികൾക്ക് നീന്തൽ പരിശ്ശീലനം- സുരക്ഷ ഉറപ്പു വരുത്തേണ്ടതാണ്. |
| 20 | 1-20 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല |
| 21 | 1-21 | വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല |
| 22 | 1-22 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - നിർവ്വഹണത്തിലെ അപാകതകൾ |
| 23 | 1-23 | കാലിത്തൊഴുത്ത് നവീകരണവും വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും |
| 24 | 1-24 | വാർഷിക പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ മുഴുവനായും പാലിക്കപ്പെടണം |
| 25 | 1-25 | പൊതുമാരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ |
| 26 | 1-26 | അർഹമായ റോഡ് റിസ്റ്റോറേഷൻ ചാർജ് ലഭ്യമാക്കാൻ നടപടിയുണ്ടാവണം |
| 27 | 1-27 | മഴക്കാല പൂർവ്വ ശുചിത്വ പ്രവർത്തനങ്ങൾ - ചെലവ് - പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല |
| 28 | 1-28 | സമയപരിധി കഴിഞ്ഞ നിക്ഷേപങ്ങൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ് |
| 29 | 1-29 | മുൻകൂർ തുകകൾ - ക്രമീകരണ വിവരം ലഭ്യമല്ല |
| 30 | 1-30 | അംഗൻവാടികളിലേക്ക് കളിക്കോപ്പുകൾ വാങ്ങൽ - സ്റ്റോർ പർച്ചേസ് മാന്വൽ |

| | | |
|---|---|---|
| | | പ്രകാരമുള്ള വാങ്ങൽ നടപടിക്രമം പാലിച്ചില്ല |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| ഇല്ല | | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| ഇല്ല | | |
| ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 27 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 28 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 31 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 32 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 33 | 4-7 | ഓഡിറ്റ് റിക്കവറി |
| 34 | 4-8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 35 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 36 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 38 | Annexure 1 | Audit Certificate |
| 40 | അനുബന്ധം2 | വാർഷിക കണക്ക് സംക്ഷിപ്തം-പകർപ്പ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

24.03.2018 തീയതിയിലെ 1(1)ാം- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 17.05.2019 | ------ | ------- |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 15402050 |
| വരവ് | 88924439 |
| | |

| | |
|---|---|
| ആകെ | 104326489 |
| ചെലവ് | 74039400 |
| നീക്കിയിരിപ്പ് | 30287089 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13673000 | 13673000 | 11523539 | 2149461 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1466000 | 1466000 | 1375460 | 90540 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 222000 | 222000 | 0 | 222000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 2465000 | 2465000 | 2463994 | 1006 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2884000 | 2884000 | 2052541 | 831459 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6347000 | 6347000 | 4845271 | 1501729 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 10283 | 395238 | 405521 | 233430 | 172091 |
| ബി ഫണ്ട് | 0 | 30107500 | 30107500 | 30107500 | 0 |
| എസ് എസ് എ | 15570 | 552 | 16122 | 0 | 16122 |
| ടോട്ടൽ സാനിറ്റേഷൻ കാമ്പയിൻ | 1652 | 60 | 1712 | 00 | 1712 |
| എസ് ജി എസ് വൈ | 69538 | 2466 | 72004 | 0 | 72004 |
| ജലനിധി | 9578470 | 36855642 | 46434112 | 31704520 | 14729592 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 54415902 | 73 | 29097315 | 92 | 3 | 43% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 10283 | 395238 | 405521 | 233430 | 172091 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7873704 | 7873704 | 7873704 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ആകെ | 10283 | 8268942 | 8279225 | 8107134 | 172091 |

ഭരണ ചെലവുകൾ വാർഷിക കണക്കുമായി യോജിക്കുന്നില്ല. വ്യത്യാസം ഖണ്ഡിക 1-11 ൽ ക്രമ നമ്പർ 7 ആയി ചേർത്തിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 18000 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 787100 | 64 |
| വിധവ പെൻഷൻ | 8875100 | 729 |
| വാർദ്ധക്യകാല പെൻഷൻ | 16836700 | 1349 |
| വികലാംഗപെൻഷൻ | 3421700 | 292 |
| വിവാഹധനസഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ | 81400 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27366/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

അഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട അപാകതകൾ തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.11.2019 | 06/2019 മുതൽ 10/2019 വരെ | 28.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.07.2008 മുതൽ 02.08.2008 വരെ | ഒക്ടോബർ 2000 മുതൽ 2007-08 വരെ | 28.08.2008 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷികകണക്കുകൾ പ്രകാരം കെട്ടിട നികുതി (വാസഗൃഹം) ഇനത്തിലുള്ള അരിയർ ഡിമാന്റ് (I – 1) 19,90,306 രൂപയും കലക്ഷൻ RP 43പ്രകാരമുള്ള 19,39,749 രൂപയും മുൻ AFS, B-9പ്രകാരമുള്ള മുൻകൂർ തുക 11,949 രൂപയും ഉൾപ്പെടെ 19,51, 698 രൂപയുമാണ്. ആയത് പ്രകാരം 38,608 രൂപ ഈയിനത്തിൽ ബാലൻസ് ഉണ്ട്. ആയത് AFSൽ തൻ വർഷം കുടിശ്ശികയായി ഉൾപ്പെടുത്തിയിട്ടില്ല.

2. മുൻ AFS പ്രകാരം കെട്ടിടനികുതി (വാസസ്ഥഹം) ഇനത്തിൽ കുടിശ്ശിക ഇല്ല. എന്നാൽ തൻ വർഷത്തിൽ ഈയിനത്തിൽ 19,953 രൂപ കുടിശ്ശിക വരവ് ഉണ്ട് (RP-43).

3.മുൻ AFS പ്രകാരം കെട്ടിടനികുതി (വാസേതരം) ഇനത്തിൽ കുടിശ്ശിക ഇല്ല. എന്നാൽ തൻ വർഷത്തിൽ ഈയിനത്തിൽ 10,084 രൂപ കുടിശ്ശിക വരവ് ഉണ്ട് (RP-43).

4. വൗച്ചർ നമ്പർ: 41800077, തീയതി: 20-6-18 പ്രകാരം സ്ഥിരം നിക്ഷേപം ഇനത്തിൽ 2,70,000 രൂപ വരവ് ഉണ്ട്.AFS പ്രകാരം ഈയിനത്തിൽ 2,82,471രൂപയുടെ ഡിമാന്റ് ഉണ്ട്(I-7). എന്നാൽ AFSൽ ഈയിനത്തിൽ RP-8ൽ വരവ് രേഖപ്പെടുത്തിയിട്ടില്ല.

5. ACR പ്രകാരം MG(NR) ഇനത്തിലുള്ള ചെലവ് 21,84,736 രൂപയാണ്. എന്നാൽ AFS പ്രകാരം(RP-7) ആയത് 20,52,541 രൂപയാണ്.

6. Balance Sheet Schedule B -14 പ്രകാരം 31-03-19ന് 17,274 രൂപയുടെ സ്റ്റോക്ക് അവശേഷിക്കുന്നുണ്ട്. എന്നാൽ Annual Stock Report തയ്യാറാക്കിയിട്ടില്ല.

7. വാർഷിക കണക്കുകൾ പ്രകാരം NREGS ഭരണച്ചെലവുകൾ 76,200 രൂപയാണ്(RP 16). എന്നാൽ ആയത് കാഷ്ബുക്ക് പ്രകാരം 2,33,430 രൂപയാണ്. സാലറി ഇനത്തിലുള്ള 1,54,000 രൂപയുടെയും Printing & Stationery ഇനത്തിലുള്ള 3,224 രൂപയുടെയും ചെലവ് വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

8. Income & Expenditure പത്രികയിലെ I-6ലെയും I-14(a)യിലെയും തുകകൾ വ്യത്യസ്തമാണ്.

9. ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

10. മുൻ വർഷ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

11. ഫിക്സഡറ്റ് അസറ്റ് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

12. ശുചിത്വമിഷൻ ഇനത്തിലുള്ള ബാങ്ക് അക്കൗണ്ടിലെ ബാലൻസ് തുകകൾ ബി-4 ഷെഡ്യൂളിലും ബി-17 ഷെഡ്യൂളിലും വ്യത്യസ്തമാണ്.

# 1-12 ബിൽഡിംഗ് പെർമിറ്റ് - പൊതു അപാകതകൾ

2018-19 വർഷത്തിലെ പെർമിറ്റ്/ക്രമവൽക്കരണ നടപടിക്രമങ്ങളുടെ സംക്ഷിപ്തം താഴെ പറയും പ്രകാരമാണ്

| | |
|---|---|
| തൻ വർഷത്തെ ആകെ അപേക്ഷകൾ | 251 |
| പെർമിറ്റ് നൽകിയത് | 87 |
| ക്രമവൽക്കരിച്ചത് | 119 |
| തീർപ്പാക്കാത്തത് | 45 |

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. നിർമ്മാണ ക്രമവൽക്കരണങ്ങളുടെ എണ്ണം പെർമിറ്റുകളെക്കാൾ അധികരിക്കുന്നു

മേൽ പട്ടിക പ്രകാരം, 2018-19 സാമ്പത്തിക വർഷത്തിൽ 206 അപേക്ഷകൾ തീർപ്പാക്കിയതിൽ 119 എണ്ണം ക്രമവൽക്കരണങ്ങളാണ്. ക്രമവൽക്കരണങ്ങളുടെ എണ്ണം കൂടി നിൽക്കുന്നത് പഞ്ചായത്തിന് നിർമ്മാണങ്ങളുടെ മേൽ കൃത്യമായ നിയന്ത്രണമില്ല എന്നാണ് സൂചിപ്പിക്കുന്നത്. കെട്ടിട നിർമ്മാണങ്ങളെ യഥാസമയം കണ്ടെത്തി നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ്.

2. മുൻവർഷങ്ങളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള എല്ലാ കെട്ടിടനിർമ്മാണങ്ങളുടെയും വിവരങ്ങൾ തൻവർഷ പെർമിറ്റ് രജിസ്റ്ററിലേക്ക് മാറ്റി എഴുതുന്നില്ല

മുൻ വർഷങ്ങളിലെ കെട്ടിടനിർമാണങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ അവശേഷിക്കുന്നുണ്ട്. ഇങ്ങനെ നിലനിൽക്കുന്ന കെട്ടിടനിർമ്മാണങ്ങളുടെ വിവരങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നത് വരെ അടുത്ത വർഷത്തെ പെർമിറ്റ് രജിസ്റ്ററിലേക്ക് മാറ്റിയെഴുതേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ മുൻ വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകൾ പ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള എല്ലാ നിർമാണങ്ങളെയും തൻവർഷത്തിലെ പെർമിറ്റ് രജിസ്റ്ററിലേക്ക് മാറ്റി എഴുതുന്നില്ല. ഇതു കാരണം തൻവർഷത്തിൽ കെട്ടിടനിർമ്മാണം/ക്രമവൽക്കരണ നടപടികൾ പൂർത്തീകരിച്ച എല്ലാ അപേക്ഷകളും രജിസ്റ്ററിൽ വരാത്ത സ്ഥിതിവിശേഷമുണ്ട്.

ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 01/09.12.19-നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-13 കെട്ടിടനിർമ്മാണം പൂർത്തിയായ അർദ്ധവർഷം മുതൽ വസ്തു-നികുതി ഈടാക്കിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാകുന്ന അതേ അർദ്ധവർഷാരംഭം മുതൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്തുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നിർമ്മാണം പൂർത്തിയായ അർദ്ധവർഷാരംഭം മുതലുള്ള വസ്തു-നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നം. | നിർമ്മാണം പൂർത്തിയായ തീയ്യതി | കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി | വസ്തു നികുതി ഈടാക്കിയത് | അധികം ഈടാക്കേണ്ട നികുതി | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | 9/427B | 13.01.16 | 560 | 2018-19 ഒന്നാം അർദ്ധവർഷം മുതൽ | 1400 | 01.10.16 മുതൽ അഞ്ച് അർദ്ധവർഷങ്ങളിലേക്ക് |
| 2 | 7/62A | 01.01.18 | 1136 | -ടി- | 568 | 01.10.18 മുതൽ ഒരു അർദ്ധ വർഷത്തേക്ക് |
| 3 | 5/58C | 11.01.18 | 573 | -ടി- | 287 | -ടി- |
| 4 | 11/450A | 17.01.18 | 575 | -ടി- | 288 | -ടി- |
| 5 | 14/15A | 01.01.18 | 590 | -ടി- | 295 | -ടി- |
| | | | | ആകെ | 2,838 | |

മുൻ വർഷങ്ങളിൽ നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾക്ക് ഒക്യുപൻസി നൽകാൻ കാലതാമസം നേരിട്ടിട്ടുണ്ട്. കൂടാതെ ഒക്യുപൻസി നൽകുമ്പോൾ നിർമ്മാണം പൂർത്തിയായ അർദ്ധവർഷം മുതൽ വസ്തു നികുതി ഈടാക്കേണ്ടതായിരുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.02/09.12.19-നുള്ള മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാം എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-14 സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകുമ്പോൾ കെട്ടിടങ്ങളുടെ തരം പരിശോധിക്കുന്നില്ല

പഞ്ചായത്ത് പ്രദേശത്ത് 2018-19 വർഷത്തിൽ ഡി&ഒ/ഫാക്ടിയോസ് ലൈസൻസ് നേടിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മറ്റ് തരത്തിൽപെട്ട കെട്ടിടങ്ങളിലാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് നം | കെട്ടിട നമ്പർ | തരം | തറവിസ്തീർണ്ണം (ച. മീ.) | കുറിപ്പ് |
|---|---|---|---|---|---|---|
| 1 | മലബാർ ഐസ് ഫാക്ടറി | 74/18-19 | 7/312 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 105 | ഇതര വ്യവസായങ്ങൾക്കുള്ള തരത്തിലാണ് ടി കെട്ടിടത്തിനെ ഉൾപ്പെടുത്തേണ്ടത് |
| 2 | പൊൻകാസ് ഫുഡ് പ്രൊഡക്ട്സ് | 82/18-19 | 1/148A | ലൈവ് സ്റ്റോക്ക് ഷെഡ് | 193.26 | ഇതര വ്യവസായങ്ങൾക്കുള്ള തരത്തിലാണ് ടി കെട്ടിടത്തിനെ ഉൾപ്പെടുത്തേണ്ടത് |
| 3 | ഫ്രണ്ട്സ് | 125/18-19 | 12/170A | മൈക്രോ സ്മാൾ ആൻറ് മീഡിയം | 210.15 | ഫയൽ |

| | | | | | | |
|---|---|---|---|---|---|---|
| | പ്ലാസ്റ്റിക്ക് ഇൻഡസ്ട്രീസ് | | | എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്ട്,2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | | പരിശോധനയിൽ ടി സ്ഥാപനം MSME ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതായി കാണുന്നില്ല |
| 4 | മെക്കോൺ ഫുഡ് പ്രൊഡക്ഷൻ | 204/18-19 | 9/89B | കൈത്തൊഴിൽ ഷെഡ് | 39.58 | ഇതര വ്യവസായങ്ങൾക്കുള്ള തരത്തിലാണ് ടി കെട്ടിടത്തിനെ ഉൾപ്പെടുത്തേണ്ടത് |

സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ അവ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ തരം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ വ്യത്യാസമുണ്ടെങ്കിൽ വസ്തു നികുതിയിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.03/10.12.19-ന് മറുപടി ലഭിച്ചിട്ടില്ല.

# 1-15 വസ്തു നികുതി കുറവായി ഈടാക്കി

2015-16 മുതൽ വസ്തു-നികുതി ചുമത്തി വരുന്ന ശ്രീ. കുഞ്ഞിപ്പോക്കർ കടുക്കേങ്ങൽ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ XII/64D,E,F,G നം. മുറികളിൽ ന്യൂ തവക്കൽ ഫർണിച്ചർ (ലൈസൻസ് നം. 151/18-19) എന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നത്. മുറികളുടെ ആകെ തറവിസ്തീർണ്ണം 120.12 ചതുരശ്ര മീറ്റർ ആണ്. എന്നാൽ മുറികൾക്ക് കുറഞ്ഞ നിരക്കിലുള്ള (100 ച. മീറ്ററിൽ കുറവുള്ള കെട്ടിടത്തിന് ച. മീറ്ററിന് 50/- രൂപ) നികുതിയാണ് ഈടാക്കിയിട്ടുള്ളത്. ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടത്തിന്റെ/മുറികളുടെ തറവിസ്തീർണ്ണം ഒന്നായി പരിഗണിച്ച് നികുതി നിർണ്ണയിക്കേണ്ടതായിരുന്നു.

കെട്ടിടത്തിന്റെ യഥാർത്ഥ നികുതി ചുവടെ നിർണ്ണയിക്കുന്നു.

| | |
|---|---|
| മുറികളുടെ തറവിസ്തീർണ്ണം | 120.12 ച. മീ. |
| അടിസ്ഥാന വസ്തുനികുതി (100 ച. മീറ്ററിൽ അധികരിക്കുന്ന കെട്ടിടത്തിന് ച. മീറ്ററിന് 60/- രൂപ നിരക്കിൽ) | 120.12 X 60 = 7208 |
| വാർഷിക വസ്തുനികുതി (വർദ്ധനവ്/കുറവ് ഉൾപ്പെടെ) | 8649 (20% വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ) |
| ഈടാക്കിയ നികുതി | 7210 |
| വ്യത്യാസം | 1439 |

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് കെട്ടിടനമ്പർ നൽകാവുന്നതാണ്. എന്നാൽ ഒരേ വിനിയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഈ ആനുകൂല്യത്തിന് അർഹതയില്ല.

കുറഞ്ഞ നിരക്കിലുള്ള നികുതി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും, 2015-16 മുതലുള്ള നികുതി കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ) ഈടാക്കേണ്ടതുമാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.05/10.12.19-ന് മറുപടി ലഭിച്ചിട്ടില്ല.

# 1-16 ഡി & ഒ/ഫാക്ടിയോസ് ലൈസൻസ് പരിശോധന - അപാകതകൾ

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഡി & ഒലൈസൻസ്/ഫാക്ടിയോസ് ലൈസൻസ് നൽകിയതിന്റെ സംക്ഷിപ്തം താഴെ പറയും പ്രകാരമാണ്

| | |
|---|---|
| 2017-18 വർഷത്തിൽ ആകെ നൽകിയ ലൈസൻസുകൾ | 196 |

| | |
|---|---|
| 2018-19 വർഷത്തിൽ നൽകിയ ലൈസൻസുകൾ | 224 |
| 2018-19 വർഷത്തിൽ പുതുക്കി നൽകിയ ലൈസൻസുകൾ | 160 |
| 01.04.2018 മുമ്പ് പുതുക്കി നൽകിയത് | 93 |
| 2018-19 വർഷത്തിൽ പുതിയതായി നൽകിയ ലൈസൻസുകൾ | 64 |

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1. മുൻവർഷങ്ങളിൽ ലൈസൻസ് നേടിയ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നില്ല

മേൽ പട്ടിക പ്രകാരം 2017-18 വർഷത്തിൽ ആകെ 196 സ്ഥാപനങ്ങൾ ലൈസൻസ് നേടിയതിൽ, 160 സ്ഥാപനങ്ങൾ മാത്രമാണ് 2018-19 വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടുള്ളത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1-ൽ വരുന്ന പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ/ ഫാക്ടിയോസ് ലൈസൻസ് നേടേണ്ടതും യഥാസമയം പുതുക്കേണ്ടതുമാണ്.

2. ലൈസൻസുകൾ പുതുക്കുന്നതിന് കാലതാമസം നേരിടുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്ഥാപനങ്ങൾ ഡി & ഒ/ ഫാക്ടിയോസ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിസവത്തിനുള്ളിൽ സമർപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ പുതുക്കി നൽകിയ 160 ലൈസൻസുകളിൽ 67 ലൈസൻസുകളും നൽകിയത് 31.03.18-ന് ശേഷമാണ്. സ്ഥാപനങ്ങളുടെ അപേക്ഷകളിൻമേൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ലൈസൻസ് നം. | സ്ഥാപനം | അപേക്ഷ നൽകിയ തീയ്യതി | ലൈസൻസ് നൽകിയ തീയ്യതി |
|---|---|---|---|
| 142/18-19 | സി.എൻ ഫാൻസി | 16.03.18 | 11.07.18 |
| 158/18-19 | ന്യൂ ടിപ്കോ ഫർണിച്ചർ | 21.04.18 | 26.09.18 |
| 173/18-19 | കെ.കെ ടീ സ്റ്റാൾ | 24.04.18 | 29.10.18 |
| 191/18-19 | സാഗർ ട്രേഡിംഗ് കമ്പനി | 18.04.18 | 05.12.18 |
| 199/18-19 | മങ്ങാടൻ ട്രേഡേഴ്സ് | 27.03.18 | 27.12.18 |
| 206/18-19 | മദീന ഹാർഡ് വേർ | 16.03.18 | 13.02.19 |

3. ലൈസൻസിന് പഴയ മാതൃക പിന്തുടരുന്നു

31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി & ഒ ലൈസൻസ് എന്നത് ഫാക്ടിയോസ് ലൈസൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതിന് 31.10.17 മുതൽ പ്രാബല്യമുണ്ട്. മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ പുതുക്കേണ്ടതാണ്. എന്നാൽ 18-19-വർഷത്തിൽ ലൈസൻസുകളെല്ലാം പഴയ മാതൃകയിലാണ് നൽകിയിട്ടുള്ളത്. മേൽ ഉത്തരവ് നടപ്പിലാക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ട് എന്ന് കാണുന്നു.

4. സ്ഥാപന ഉടമ നൽകേണ്ട സത്യപ്രസ്താവന

സ്ഥാപനത്തിൽ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കില്ല എന്നും സ്ഥാപനത്തിന്റെ ബോർഡിൽ സ്ഥലനാമം മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തിയിട്ടുണ്ടെന്നും അപേക്ഷ നൽകുമ്പോൾ സ്ഥാപന ഉടമ ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്. എന്നാൽ ഈ രേഖ എല്ലാ ഫയലുകളിലും ഉൾപ്പെടുത്തിയിട്ടില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.04/10.12.19-ന് മറുപടി ലഭിച്ചിട്ടില്ല.

## 1-17 ഇന്ററപ്പ്റ്റ് റസീപ്റ്റ് സാംഖ്യയിൽ രേഖപ്പെടുത്തുന്നത്

# സംബന്ധിച്ച്

ഇന്റേറപ്റ്റ് റസീപ്റ്റുകളുടെ ക്രമ നമ്പറുകളും സാംഖ്യയിൽ ഇവ രേഖപ്പെടുത്തുമ്പോഴുള്ള ക്രമ നമ്പറുകളും (9-ൽ തുടങ്ങുന്നത്) പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ 7297/42 മുതൽ 7297/59 വരെയുള്ള ക്രമ നമ്പറിലുള്ള ഇന്റേറപ്റ്റ് രശീതികൾ സാംഖ്യയിൽ 907297100043 മുതൽ 907297100060 വരെയുള്ള എൻട്രികളായാണുള്ളത്. മാത്രമല്ല 907297100042 എന്ന ക്രമ നമ്പറിലുള്ള സാംഖ്യ എൻട്രി ഡേ-ബുക്കിൽ വന്നിട്ടില്ല. സാംഖ്യ ഡേ-ബുക്കിൽ വന്നിട്ടുള്ള ഈ അപാകത ഐ.കെ.എം വഴി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.16/18.12.19-ന് മറുപടി ലഭിച്ചിട്ടില്ല.

# 1-18 ടെണ്ടർ പരസ്യത്തിൽ ബ്രാന്റ് നെയിം ഉപയോഗിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ : പ്രധാനാധ്യാപകൻ

പ്രോജക്ട് : 68/19 രജിസ്റ്റർ ചെയ്ത ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം

അടങ്കൽ : 60000 (തനത് ഫണ്ട്)

ചെക്ക് നമ്പർ : (52000/-)

പഞ്ചായത്തിലെ രജിസ്റ്റർ ചെയ്ത 13 ക്ലബുകൾക്ക് 4000/- രൂപ വരുന്ന സ്പോർട്സ് കിറ്റുകൾ മേൽ പ്രോജക്ട് പ്രകാരം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി ഒ (പി) നം. 259/2010 ത.സ്വ.ഭ.വ തിയ്യതി 08.11.2010 )യിൽ ഫലപ്രദമായ സമാഹരണ നിർവ്വഹണത്തിനുള്ള പ്രധാന മാനദണ്ഡങ്ങളിൽ സ്പെസിഫിക്കേഷനുകളിൽ ബ്രാൻഡ് നെയിമുകളുടേയും കാറ്റലോഗുകളുടേയും പരാമർശം ഒഴിവാക്കേണ്ടതാണെന്ന നിർദ്ദേശമുള്ളതാണ്. എന്നാൽ മേൽ പ്രോജക്ടിലായി ടെണ്ടർ പരസ്യം നൽകിയതിൽ ഇക്കാര്യം പാലിച്ചിട്ടില്ല. ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്/ടെന്നീസ് ബോൾ എന്നിവ നിവിയ ആയിരിക്കണമെന്നും, വോളിബോൾ നെറ്റ് VIXEN ആയിരിക്കണമെന്നുമാണ് ടെണ്ടറിൽ പറഞ്ഞിട്ടുള്ളത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/12.12.2019), ലഭ്യമാക്കിയ മറുപടിയിൽ ക്ലബ് പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ മികച്ച ബ്രാന്റുകളായി അവരിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾക്കനുസരിച്ചാണ് പരസ്യം ചെയ്തതെന്നാണ് മറുപടി ലഭ്യമാക്കിയത്. ആയത് ക്രമപ്രകാരമല്ല. ആവശ്യമായ ഉപകരണത്തിന്റെ സ്പെസിഫിക്കേഷനുകൾ മാത്രം ടെണ്ടറിൽ സൂചിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം- സുരക്ഷ ഉറപ്പു വരുത്തേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : പ്രധാനാധ്യാപകൻ

പ്രോജക്ട് : 98/19 വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം

അടങ്കൽ : 85000 (വികസന ഫണ്ട്- പൊതു വിഭാഗം)

ബിൽ നമ്പർ : 02/18-19/17.12.18 (29200/-)

ബിൽ നമ്പർ : 07/18-19/13.02.19 (45000/-)

ബിൽ നമ്പർ : 09/18-19/21.03.19 (2300/-)

2018-19 വർഷത്തിൽ , വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ താഴെ പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്.

| ക്ര നമ്പർ | പ്രവർത്തനങ്ങൾ | വകയിരുത്തിയ തുക |
|---|---|---|
| 1 | സേഫ്റ്റി ജാക്കറ്റ് വാങ്ങൽ | 16000 |
| 2 | സ്വിമ്മിംഗ് സ്യൂട്ട് വാങ്ങൽ | 30000 |
| 3 | പരിശീലകന് ഫീസ് നൽകൽ | 39000 |
| | | |

| | | |
|---|---|---|
| | ആകെ | 85000 |

പ്രൊജക്ട് നടപ്പിലാക്കിയപ്പോൾ താഴെ പറയുന്ന ഇനങ്ങളിലായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

| ക്രമനം | പ്രവർത്തനങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 1. | സ്വിമ്മിംഗ് സ്യൂട്ട് വാങ്ങൽ | 29200 |
| 2. | പരിശീലകന് ഫീസ് നൽകൽ | 45000 |
| 3. | സർട്ടിഫിക്കറ്റ് പ്രിന്റിംഗ് | 2300 |

കുറുകയിലെ പൊതു കുളത്തിൽ വെച്ചാണ് കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകിയിട്ടുള്ളത്.ഗ്രാമ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന 100 വിദ്യാർത്ഥികൾക്ക് 30 ദിവസമാണ് ക്ലാസ്സ് എടുത്തിട്ടുള്ളത്. പ്രോജക്ടിൽ കുട്ടികളുടെ സുരക്ഷക്കായി ഉൾപ്പെടുത്തിയ സേഫ്റ്റി ജാക്കറ്റുകൾ വാങ്ങിയിട്ടില്ല . നീന്തൽ പരിശീലനം പോലുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. 2019-20 ലും ടി പദ്ധതി തുടർന്നു വരുന്നതിനാൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-20 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല.

2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്ന വാങ്ങുന്നതിനായി തുക മുൻകൂറായി KMSCL ന് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ ചെക്ക് നമ്പർ/ തിയ്യതി | തുക | പ്രൊഫോർമ ഇൻവോയ്സ് |
|---|---|---|---|---|
| 1 | 20/19 (പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ ) | ബിൽ നമ്പർ : 20/18-19/31.10.2018 | 2,00,000/- (MG(NR) | PRF 1725/ 15.10.2018 |
| 2 | 16/19 (പരിരക്ഷാ പാലിയേറ്റീവ് കെയർ ) | ബിൽ നമ്പർ : 20/18-19/16.03.2019 | 46,647/- | PRF 3836/ 11.01.2019 |
| | | ചെക്ക് നമ്പർ 2295694/ 21.03.2019(75713/-) | 53353/- | |
| | | | 300000/- | |

മുൻകൂർ നൽകിയ തുകക്ക് നാളിതു വരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/12.12.2019) മരുന്നുകൾ ലഭ്യമാവുന്ന മുറക്ക് വിവരം ലഭ്യമാക്കാമെന്ന മറുപടിയാണ് നൽകിയത്. മരുന്നുകൾ ലഭ്യമാവുന്നതു വരെ ചെലവു തുക 300000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-21 വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ: 14/18-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

ബിൽ നമ്പർ: 21/18-19/28.01.2019 (1,64,498/-)

മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ (എസ് സി പി) നിന്നും 164498/- രൂപ ചെലവഴിച്ച് 6 ഗുണഭോക്താക്കൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. 1,80,000/- രൂപയാണ് പ്രോജക്ടിന്റെ അടങ്കൽ. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 22/2018/തസ്വഭവ തിയതി. 14.02.2018) ഖണ്ഡിക 2-7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമം മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി.ഒ(പി) 259/2010/തസ്വഭവ തിയതി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശിത മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ മതിപ്പ് വില 25000 രൂപക്ക് മുകളിലും 100000 രൂപക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറും 100000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറും ബാധകമാണ്. 180000/- രൂപ അടങ്കൽ തുക വരുന്ന ഈ പ്രോജക്ടിന് ഓപ്പൺ ടെണ്ടർ നടപടികളാണ് സ്വീകരിക്കേണ്ടത്. എന്നാൽ വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും മലയാളം പത്രത്തിലും പരസ്യം നൽകേണ്ടതാണെന്ന ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചല്ല പർച്ചേസ് നടത്തിയിട്ടുള്ളത്. ആകെ 3 ടെണ്ടറുകൾ മാത്രമാണ് പ്രോജക്ടിനായി ലഭ്യമായത്. വ്യാപക പ്രചാരം നൽകിയിരുന്നുവെങ്കിൽ മത്സരാധിഷ്ഠിതമായി ടെണ്ടറുകൾ വരാനും കുറഞ്ഞ തുകക്ക് പ്രോജക്ട് നടപ്പിലാക്കാനും സാധിക്കുമായിരുന്നു. നടപടിക്രമങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03 /9.12.2019) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. മത്സരാധിഷ്ഠിത ടെണ്ടറുകൾ ഉറപ്പുവരുത്തി പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും - നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ : 37/19 എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും

ബിൽ നമ്പർ : 22/18-19/25.02.2019 : (124962/- രൂപ)

മേൽ പ്രാജക്ട് പ്രകാരം 23 ഗുണഭോക്താക്കൾക്ക് കാഡ്കോയിൽ നിന്നും മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. 2018-19 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 22/2018/തസ്വഭവ തിയതി. 14.02.2018 ഖണ്ഡിക 7.2.7 പ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതെന്നും , വാങ്ങിയ ഫർണിച്ചർ സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടതെന്നുമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ടിന്റെ ഗുണഭോക്താക്കളിൽ 2 പേരുടെ റേഷൻ കാർഡ് പ്രകാരം അവർ മറ്റു തദ്ദേശ സ്ഥാപനങ്ങളിലെ നേറ്റീവ്സ് ആണെന്ന മനസ്സിലാവുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | റേഷൻ കാർഡ് പ്രകാരം തദ്ദേശ സ്ഥാപനം |
|---|---|---|
| 1 | അഭിനവ് , S/O ബാബു ആലാശ്ശേരിപ്പടി | ഒഴൂർ ഗ്രാമ പഞ്ചായത്ത് |
| 2 | ബിബിത | തിരൂർ മുനിസിപ്പാലിറ്റി |

ടി ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരാണെന്നതിനു സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ സെക്രട്ടറിയുടെ സാക്ഷ്യപത്ര പ്രകാരം ,ക്രമ നമ്പർ 1 ശ്രീ അഭിനവ് എന്നവർ ഈ പഞ്ചായത്തിലെ 1/44എ എന്ന കെട്ടിടത്തിലെ സ്ഥിരതാമസക്കാരനാണെന്നും (ശ്രീ ബാബു ആലാശ്ശേരി എന്നവരുടെ ഉടമസ്ഥതയിലുള്ള ) ശ്രീമതി ബബിത എന്നവർ ശ്രീ ഹുസൈൻ പരേടത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള 13/288 നമ്പർ കെട്ടിടത്തിലെ താമസക്കാരിയാണെന്നും അറിയിച്ചു. എന്നാൽ ക്രമ നമ്പർ 2 ഗുണഭോക്താവ് ഈ പഞ്ചായത്തിലെ സ്ഥിര താമസക്കാരിയാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഗ്രാമ സഭയിൽ 28.06.2019 ലെ അജണ്ട1 പ്രകാരം തെരെഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീമതി ബബിത എന്നവരുടെ പേര് പെൻസിൽ കൊണ്ട് എഴുതിചേർത്തതായാണ് കാണുന്നത്. തിരൂർ മുനിസിപ്പാലിറ്റിയിൽ നിന്നും ടിയാരിക്ക് ആനുകൂല്യം ലഭ്യമായിട്ടില്ലെന്നു കാണിക്കുന്ന രേഖകൾ കൂടി ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 5433/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-23 കാലിത്തൊഴുത്ത് നവീകരണവും വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും

2018-19 വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1. ബിൽ നമ്പർ 02/18-19/28.12.2018 189000/-

2. ബിൽ നമ്പർ 03/18-19/31.01.2019 41000/-

ആകെ 10 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ആയതിൽ 8 പേർക്കും 25000/- രൂപയും രണ്ടു പേർക്ക് യഥാക്രമം 14000/-. 16000/- എന്നിങ്ങനെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 22/2018/തസ്വഭവ തിയതി. 14.02.2018) ഖണ്ഡിക 6.2 ൽ ക്രമ നമ്പർ 19 പ്രകാരം കഴിഞ്ഞ 2 വർഷമായി കന്നുകാലികളെ വളർത്തുന്നവർക്കായിരിക്കണം ആനുകൂല്യം നൽകേണ്ടതെന്ന് മാനദണ്ഡമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ആയത് തെളിയിക്കുന്ന സാക്ഷ്യപത്രമോ, ലൈഫ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടോ ഫയലിൽ ഇല്ല. ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും ആയതിൽ വെറ്ററിനറി സർജൻ മാത്രമാണ് ഒപ്പുവെച്ചിട്ടുള്ളത്.

മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ സി7174/2018 നമ്പർ കത്ത് പ്രകാരം സിമന്റ് കോൺക്രീറ്റ്, ഇഷ്ടിക, കല്ല് എന്നിവ കൊണ്ട് തൊഴുത്തിനു സമീപം മിനിമം 10എം3 വ്യാപ്തിയിൽ നിർമിച്ച വളക്കുഴി ആയിരിക്കണമെന്നും പ്രതിമാസം 5 ടണ്ണിലധികം ചാണകം ഉൾക്കൊള്ളാൻ കഴിയുന്നതും മേൽക്കൂര GI ഷീറ്റോ സമാനമായ മറ്റു ഷീറ്റുകളോ ഉപയോഗിച്ച് കെട്ടിയതായിരിക്കണമെന്നും പറഞ്ഞിട്ടുണ്ട് . വാല്യുവേഷൻ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ 10 എം 3 വ്യാപ്തിയിലുള്ള ഒറ്റ വളക്കുഴി പോലും നിർമ്മിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/11.12.2019) കഴിഞ്ഞ രണ്ടു വർഷങ്ങളായി കന്നുകാലികളെ വളർത്തുന്നവരാണെന്ന് ലൈഫ് സ്റ്റോക്ക് ഇൻസ്പെക്ടർ ഫീൽഡ് വിസിറ്റ് നടത്തി ഉറപ്പു വരുത്തിയ ശേഷമാണ് ആനുകൂല്യം നൽകിയതെന്നും ഗുണഭോക്താക്കളെ കൊണ്ട് കരാറിൽ ഒപ്പുവെപ്പിച്ചിട്ടുണ്ടെന്നും , വളക്കുഴിയുടെ വ്യാപ്തി 10 എം3 എന്നത് ഡിപ്പാർട്ട്മെന്റ് സ്കീമിനാണെന്നും തുടർ വർഷങ്ങളിൽ ആയതു പാലിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കി. പ്രോജക്ട് നിർവ്വഹണത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വാർഷിക പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ മുഴുവനായും പാലിക്കപ്പെടണം

16.11.2017 ലെ GO(ms) 224/2017 തസ്വഭവ ഉത്തരവ് പ്രകാരം ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കുന്നതിനും അവസ്ഥാ രേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതാണ്. 2018-19 വർഷത്തേക്കായി തയ്യാറാക്കിയ പരിഷ്കരിച്ച അവസ്ഥാ രേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാർഷിക പദ്ധതിയുടെ മുന്നോടിയായി തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായാണ് വിവിധ മേഖലകളിലെ പ്രോജക്ടുകൾ തയ്യാറാക്കിയതെന്ന് ഉറപ്പ് വരുത്താനാവുന്നില്ല. വാർഷിക പദ്ധതിയിൽ ആകെ 5.44കോടി രൂപ അടങ്കലിൽ പ്രോജക്ടുകൾ ഉൾപ്പെടുത്തിയതിൽ 2.909 കോടി രൂപയാണ് ഗ്രാമപഞ്ചായത്തിന് വിനിയോഗിക്കാനായത്. വാർഷിക പദ്ധതിയിൽ 168 പ്രോജക്ടുകൾ ഉൾപ്പെടുത്തിയതിൽ 73 എണ്ണമാണ് നടപ്പിലായത്. മേഖലാ തലത്തിൽ ഫണ്ട് വകയിരുത്തിയത് വിനിയോഗം നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സ്റ്റാറ്റ്യൂട്ടറി കമ്മറ്റികളുടെ പ്രവർത്തനം ഫലപ്രദമാക്കേണ്ടതുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സമിതികളുടേയും സ്റ്റാന്റിംഗ് കമ്മറ്റി ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി കമ്മറ്റികളുടേയും പ്രവർത്തനത്തിലെ പോരായ്മകൾ താഴെ ചേർക്കുന്നു.

ആസൂത്രണ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തണം

വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണസ്ഥാനങ്ങളുമായുള്ള ചർച്ച എന്നിവക്ക് സഹായം നൽകുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധപ്രവർത്തകർ എന്നിവരേയും അക്കാദമിക്

സാങ്കേതിക സ്ഥാപനങ്ങളേയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങി തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ ഏകോപിപ്പിക്കുന്നതിൽ പ്രധാന ദൗത്യമാണ് ആസൂത്രണ സമിതിക്ക് നിർവ്വഹിക്കാനുള്ളത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനും സെക്രട്ടറി കൺവീനറുമായുള്ള സമിതി 2018 -19 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആദ്യയോഗം മാത്രമാണ് ചേർന്നത്. യോഗത്തിൽ കൺവീനർ പങ്കെടുത്തിട്ടില്ല.

പദ്ധതി രൂപീകരണത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ മേൽനോട്ടം ഫലപ്രദമാക്കണം

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട യോഗങ്ങൾ യഥാസമയം വിളിച്ച് ചേർക്കൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ, പദ്ധതി യഥാസമയം പരിശോധനക്കായി സമർപ്പിക്കൽ തുടങ്ങി എല്ലാവിധ മുന്നൊരുക്കങ്ങളും ഇടപെടലികളും നടത്താനുള്ള ചുമതല വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കീഴിലുള്ള മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാ രേഖ പരിഷ്കരിച്ചോയെന്നും തയ്യാറാക്കിയ പ്രോജക്ട് അടിസ്ഥാന വിവരങ്ങൾക്ക് അനുസൃതമാണോയെന്നും, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ സമയങ്ങളിൽ യോഗം ചേർന്ന് ചുമതലകൾ നിർവ്വഹിക്കാനുണ്ടോയെന്നുമുള്ള കാര്യങ്ങളിൽ കൂടുതൽ മേൽനോട്ടമുണ്ടാവണം. ഇതുമായി ബന്ധപ്പെട്ടുള്ള കൂട്ടായ പരിശോധനയുടേയും തീരുമാനങ്ങളുടേയും രേഖപ്പെടുത്തലുകൾ ഒരു സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മിനിട്സിലും രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ അതാത് മേഖലകളിൽ നിർദ്ദേശിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ വ്യക്തമാക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമാണെന്നും ഉറപ്പ് വരുത്തണം.

വാർഷിക പദ്ധതിയിൽ 2018-19 വർഷത്തിൽ ഗതാഗതമേഖലയിൽ 2.465 കോടി രൂപ വകയിരുത്തിയതിൽ രൂപ മാത്രമാണ് വിനിയോഗിക്കാനായത്. ശുചിത്വം മിലിന്യസംസ്കരണ മേഖലയിൽ 50 ലക്ഷം രൂപയുടെ പ്രോജക്ടുകൾ ഉൾപ്പെടുത്തിയതിൽ ചെലവ് 2.44 രൂപയാണ്. മാലിന്യ സംസ്കരണത്തിനായി പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കേണ്ട മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിക്ക് ആവശ്യമായ കെട്ടിടം ഓഡിറ്റ് വർഷത്തിലും കണ്ടെത്തിയിട്ടില്ല. 25 അംഗനവാടികളിൽ 9 എണ്ണം മാത്രം സ്വന്തം കെട്ടിടങ്ങൾ പ്രവർത്തിക്കുമ്പോൾ കൂടുതൽ അംഗനവാടികൾക്ക് സ്ഥലം കണ്ടെത്താനോ, നിലവിലുള്ള സ്ഥലത്ത് കെട്ടിടമുണ്ടാക്കാനോ പ്രോജക്ട് വെച്ചിട്ടില്ല. 5 ലക്ഷം രൂപ അടങ്കലിൽ അംഗനവാടികളുടെ മെയിന്റേനൻസിനായി രണ്ട് പ്രോജക്ടുകളുണ്ടായിട്ടും നടപ്പിലായിട്ടില്ല. ഇതേപോലെ മണ്ണ് ജലസംരക്ഷണം, പരിസ്ഥിതിയുമായി ബന്ധപ്പെട്ട് വാർഷിക പദ്ധതിയിലെ 4.82 ലക്ഷം രൂപയുടെ 3 പ്രോജക്ടുകളും നടപ്പിലായിട്ടില്ല. അറവ് ശാലസ്ഥാപിക്കാൻ സ്ഥലം വാങ്ങാനായി ഉൾപ്പെടുത്തിയ 10ലക്ഷം വിനിയോഗിച്ചിട്ടില്ല. മേൽകാണിച്ച് ഏതാനും സൂചകങ്ങളിൽ നിന്നുതന്നെ ഫണ്ട് വിനിയോഗത്തിൽ ചില മേഖലകളിൽ തീരെ ചെലവഴിക്കാതിരിക്കുകയും പദ്ധതികൾ നടപ്പിലാകാതെ പോവുകയും ചെലവ് കുറയുകയും ചെയ്തതിന്റെ കാരണം പരിശോധനാ വിധേയമാക്കേണ്ടതാണ്. ഇതോടൊപ്പം വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട മേഖലയിലെ അടിസ്ഥാന വിവരങ്ങൾക്ക് അനുസൃതമായിരുന്നോയെന്നുമുള്ള പരിശോധനയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികൾ പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കണം.

വർക്കിംഗ് ഗ്രൂപ്പുകളുടെ നിയമപരമായ ചുമതല ഉറപ്പ് വരുത്തണം

വർക്കിംഗ് ഗ്രൂപ്പുകൾക്ക് ബന്ധപ്പെട്ട വിഷയ മേഖലയിലെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് തയ്യാറാക്കിയ അവസ്ഥാ രേഖയിൽ (സ്റ്റാറ്റസ് റിപ്പോർട്ടിൽ) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായാട്ടാണ് പ്രോജക്ടുകൾ നിർദ്ദേശിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിച്ച ശേഷം സ്ഥാപനത്തിൽ നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കാൻ നിർദ്ദേശമുള്ളതാണ്. എന്നാൽ പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഉൾപ്പെടുത്തി അവസ്ഥാരേഖ അപ്ഡേറ്റ് ചെയ്ത ശേഷമല്ല പദ്ധതികൾ നിർദ്ദേശിച്ചതെന്ന് വ്യക്തമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പദ്ധതി രൂപീകരണഘട്ടത്തിൽ തന്നെ ഫലപ്രദമായി നടന്നിട്ടില്ല. സാമൂഹ്യ നീതി, പട്ടിക ജാതി വികസനം തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതല്ലാതെ നിർദ്ദേശങ്ങളൊന്നും മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു അതാത് വർക്കിംഗ് ഗ്രൂപ്പുകളുടെ വിഷയമേഖലയുമായി ബന്ധപ്പെട്ട മുഴുവൻ ഡാറ്റയും ശേഖരിച്ച് വിശകലനവിധേയമാക്കി ആവശ്യാനുസരണം പദ്ധതി തയ്യാറാക്കേണ്ടതാണ്. പരിഷ്കരിച്ച അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിക്കാനും അവിടെ നടക്കുന്ന ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടേയും വികസനസെമിനാറിന്റേയും പരിഗണനക്ക് സമർപ്പിച്ച് പദ്ധതി അന്തിമമാക്കാനുള്ള പ്രവർത്തനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾക്കുള്ള നിയമപരമായി ചുമതല നിറവേറ്റാനാവണം.

പദ്ധതി നിർവ്വഹണ ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനെ ഒഴിവാക്കി വർക്കിംഗ് ഗ്രൂപ്പുകളെ മോണിറ്ററിംഗ് കമ്മറ്റികളായി രൂപാന്തരപ്പെടുത്തി പ്രവർത്തിക്കാനുള്ള നിർദ്ദേശവും നടപ്പിലാക്കേണ്ടതാണ്

ഗ്രാമസഭയിൽ പ്രോജക്ട് നിർദ്ദേശങ്ങളുടെ പരിശോധന ഉറപ്പ് വരുത്തണം

വർക്കിംഗ് ഗ്രൂപ്പുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കാനായി തയ്യാറാക്കിയ നിർദ്ദേശങ്ങൾ ഗ്രാമസഭാ യോഗങ്ങളിൽ ഗൗരവതരമായ പരിശോധനക്ക് വിധേയമാക്കുന്നുവെന്ന് ഉറപ്പ് വരുത്തണം. അതോടൊപ്പം അവിടെ നടക്കുന്ന പരിശോധനയെ തുടർന്ന് അധികമായി വരുന്ന നിർദ്ദേശങ്ങൾ പ്രാധാന്യവും മുൻഗണനകളുമനുസരിച്ച് പരിഗണിക്കപ്പെടണം. ഗ്രാമസഭായോഗത്തിന്റെ ഫോട്ടോ പതിക്കേണ്ടതും നടപടിക്രമങ്ങളുടെ വിവരവും മിനുട്സിൽ രേഖപ്പെടുത്തേണ്ടതാണ്. യോഗ നടപടിക്രമവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

വികസന സെമിനാർ കാര്യക്ഷമായി നടത്തണം

2018-19 ലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണ സമിതി മുൻഗണനകളും വിഭവലഭ്യത പരിഗണിച്ചും തയ്യാറാക്കിയ കരട് പദ്ധതി രേഖ പരിശോധിക്കാനായുള്ള ഏകദിന വികസന സെമിനാർ 15.03.18 നാണ് ചേർന്നത്. യോഗത്തിൽ 101പേർ പങ്കെടുത്തതായി മിനുട്സിൽ നിന്നറിയുന്നു. ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഗ്രാമസഭാ പ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, പ്രമോട്ടർമാർ ,നിർവ്വഹണ ഉദ്യോഗസ്ഥർ, സ്റ്റേക്ക് ഹോൾഡർമാർ, പ്രൊഫഷണലുകൾ തുടങ്ങിയ പ്രതിനിധികൾ സെമിനാറിൽ പങ്കെടുക്കേണ്ടതാണെങ്കിലും അങ്ങനെയൊരു കൃത്യമായ വിവരം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. യോഗ നടപടിക്രമങ്ങൾ ഗ്രാമസഭാ യോഗത്തിന്റെ മാതൃകയിൽ അനുയോജ്യമായ മാറ്റം വരുത്തി നടത്താനാണ് നിർദ്ദേശമുള്ളത്. പഞ്ചായത്തിന്റെ വികസനകാഴ്ചപ്പാട്, മിഷൻപ്രവർത്തനങ്ങളും വാർഷിക പരിപാടിയും, മുൻവർഷ വാർഷിക പദ്ധതി റിപ്പോർട്ട്, വാർഷിക പദ്ധതി കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവയുടെ അവതരണം എന്നീ ക്രമത്തിൽ യോഗ നടപടിക്രമങ്ങൾ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തണം.

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സമിതികളുടേയും സ്റ്റാറ്റ്യൂട്ടറി കമ്മറ്റികളുടേയും പ്രവർത്തനം ശക്തിപ്പെടുത്തി പങ്കാളിത്തവും സുതാര്യതയും ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-25 പൊതുമാരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ശ്രദ്ധയിൽപ്പെട്ട താഴെ കാണിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

1.ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷിക പദ്ധതിയുടെ ആകെ വാർഷിക അടങ്കൽ തുകയായ 5.44 കോടി രൂപയിൽ 3.19 കോടി രൂപ വകയിരുത്തിയത് അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള സേവന, ഉൽപാദന, പശ്ചാത്തല മേഖലകളിലുള്ള മരാമത്ത് പ്രവൃത്തികൾക്കാണ്. ഉൾപ്പെടുത്തിയ 111 പ്രോജക്ടുകളിൽ 36 എണ്ണം പൂർത്തിയാക്കി തൻവർഷത്തിലും 8 പ്രവൃത്തികൾക്ക് ക്യൂ ബില്ലായും തുക അനുവദിച്ചിട്ടുണ്ട്. ആകെ 1.13 കോടി രൂപയാണ് തൻവർഷത്തെ ചെലവെന്ന് കാണുന്നു. മേഖലയിൽ വകയിരുത്തിയ തുകയുടെ 35 ശതമാനം മാത്രം ചെലവഴിക്കാനായ സാഹചര്യം പരിശോധിക്കേണ്ടതാണ്. പ്രോജക്ടുകളുടെ രൂപീകരണ, നിർവഹണ, മോണിറ്ററിംഗുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപന തലത്തിൽ നിലനിൽക്കുന്ന പരിമിതികൾ പരിഹരിക്കേണ്ടതാണ്.

2.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചില്ല

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം

പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശവും നിലനിൽക്കുന്നുണ്ട്.

3.സൈറ്റിൽ സ്ഥാപിക്കുന്ന ഡിസ് പ്ലേ ബോർഡിൽ വിശദാംശമില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടില്ലായെന്ന് കാണുന്നു. കോൺട്രാക്റ്ററുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

4. ഇ- ടെൻഡർ ഫോറം വില ഈടാക്കാത്തത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് എകൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് എക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് എക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്. 2016-17മുതൽ ഇ-ടെൻഡർ ചെയ്ത താഴെ കാണിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് എക്കൗണ്ടിലേക്ക് വന്ന തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1.പ്രോജക്ട് 91/18: ചെട്ടിയാംകിണർ മൂച്ചിക്കൽ റോഡ് റീടാറിംഗ് (11 ലക്ഷം രൂപ)

2.പ്രോജക്ട് 97/18: സി പി എച്ച് റോഡ് കോൺക്രീറ്റിംഗ് (5 ലക്ഷം രൂപ)

3.പ്രോജക്ട് 133/18: പി എച്ച് സി പുനരുദ്ധാരണം (5 ലക്ഷം രൂപ)

4.പ്രോജക്ട് 166/18: ചെട്ടിയാംകിണർ മൂച്ചിക്കൽ റോഡ് റീടാറിംഗ് മൂന്നാം ഘട്ടം (18 ലക്ഷം രൂപ)

5.പ്രോജക്ട് 23/19: പറമ്പിൽ പീടിക പണിക്കർപടി എൻ എസ് എസ് റോഡ് റീടാറിംഗ് (9 ലക്ഷം രൂപ)

6.പ്രോജക്ട് 39/19: കവുങ്ങിൽപ്പടി നിലാപറമ്പ് റോഡ് ടാറിംഗ് (5.2 ലക്ഷം രൂപ)

7.പ്രോജക്ട് 54/19: കുറുകത്താണി കഴുങ്ങിലപ്പടി റോഡ് റീടാറിംഗ് (6.4 ലക്ഷം രൂപ)

8.പ്രോജക്ട് 58/19: നിലാപറമ്പ് കോഴിച്ചെന റോഡ് റീടാറിംഗ് (5.25 ലക്ഷം രൂപ)

9.പ്രോജക്ട് 62/19: ചെട്ടിയാംകിണർ ചിറക്കൽ കിഴക്കിനിത്തറ റോഡ് റീടാറിംഗ് (7 ലക്ഷം രൂപ)

10.പ്രോജക്ട് 27/19: കുറ്റിപ്പാല ഇല്ലിക്കൽ നടുവത്ത്പടി റോഡ് (5ലക്ഷം രൂപ)

5.വെൽഫയർ ഫണ്ട് കളക്ഷൻ ചാർജ് ഈടാക്കാത്തത്

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ട് 1996 സെക്ഷൻ 3(3) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വെൽഫയർ ഫണ്ട് വിഹിതത്തിന്റെ 1 ശതമാനത്തിൽ കുറയാത്ത തുക തദ്ദേശഭരണ സ്ഥാപനത്തിന് കളക്ഷൻ ചാർജായി ശേഖരിക്കാനുള്ള നിർദ്ദേശം നടപ്പിലായിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും വെൽഫയർ ഫണ്ട് ഈടാക്കി അടവാക്കുമ്പോൾ പഞ്ചായത്തിന് ലഭിക്കേണ്ട കളക്ഷൻ ചാർജ് കുറവ് ചെയ്ത് അടവാക്കേണ്ടതാണ്.

## 1-26 അർഹമായ റോഡ് റിസ്റ്റോറേഷൻ ചാർജ് ലഭ്യമാക്കാൻ നടപടിയുണ്ടാവണം

ഗ്രാമ പഞ്ചായത്തിൽ ജലനിധി കുടിവെള്ള പദ്ധതിയിൽ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി

പൊളിച്ചിട്ടുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി എൽ എസ് ജി ഡി അസി. എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 2.5584 കോടി രൂപയാണ് ആവശ്യമായി വരുന്നത്. വിവിധ വാർഡുകളിലെ 81റോഡുകളുടെ പുനരുദ്ധാരണത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. അതേ സമയം ജലനിധി സീനിയർ പ്രോജക്ട് എഞ്ചിനീയറുടെ GPST/PK/19 തീയതി 19.03.2018 കത്തിൽ ഈ റോഡുകളുടെ പുനരുദ്ധാരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ജലനിധിൽ നിന്നും അനുവദിക്കാവുന്ന തുകയായി കണക്കാക്കിയത് 1.8143 കോടി രൂപയാണ്.

എൽ എസ് ജി ഡി അസി. എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റീസ്റ്റോർ ചെയ്യേണ്ട ഏരിയയും റീസ്റ്റോറേഷൻ നിരക്കും വ്യക്തമാക്കിയിട്ടില്ല. ജലനിധി എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ട്രഞ്ചെടുത്തതിന്റെ നീളവും വീതിയും രേഖപ്പെടുത്തി ഓരോ റോഡിലും റീസ്റ്റോർ ചെയ്യേണ്ട ഏരിയ, അതിന്റെ നിരക്ക് എന്നിവ വ്യക്തമാക്കിയാണ് ആകെ തുക നിശ്ചയിച്ചതെന്ന് കാണാം. പഞ്ചായത്ത് നിന്നും തുക അവശ്യപ്പെട്ട കത്തിൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിശദാംശങ്ങളില്ലാത്തതിനാൽ റോഡുകളുടെ പുനരുദ്ധാരണത്തിന് ജലനിധി അംഗീകരിച്ച എസ്റ്റിമേറ്റിൽ തുക കുറവായതിന്റെ കാരണം വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട താഴെ കാണിച്ചപ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1.ജലനിധി എൽ എസ് ജി ഡി എഞ്ചിനീയമാരുടെ സംയുക്ത പരിശോധനയിലൂടെ നിലവിലുള്ള അംഗീകൃത നിരക്കിനെ അടിസ്ഥാനമാക്കി റോഡുകളുടെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ കഴിയാതെ പോയ സാഹചര്യം പരിശോധിക്കേണ്ടതാണ്.

2.പുനരുദ്ധാരണ പ്രവൃത്തി നിർവ്വഹിക്കേണ്ട 81 റോഡുകളിൽ കുടിവെള്ള പൈപ്പ് സ്ഥാപിക്കാനെടുത്ത ട്രഞ്ചിന്റെ വിശദാംശം ശേഖരിച്ച് അർഹമായ നിരക്കിനെ ആസ്പദമാക്കി റീസ്റ്റോറേഷൻ ചാർജ് കണക്കാക്കി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-27 മഴക്കാല പൂർവ്വ ശുചിത്വ പ്രവർത്തനങ്ങൾ - ചെലവ് - പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല

ആരോഗ്യ ജാഗ്രത (മഴക്കാല പൂർവ്വ ശുചിത്വം) പ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) 1,80,032രൂപ 5-10-18ന് കൈമാറിയിട്ടുണ്ട് (Vr. No.21800407, Cheque No. 622866).ആയതിന്റെ ചെലവുരേഖകളായി 9,12 വാർഡുകളിലേത് ഒഴികെയുള്ള വാർഡുകളിലെ മേൽ ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും മസ്റ്റർറോളുകളും മെഡിക്കൽ ഓഫീസർ ഹാജരാക്കുകയുണ്ടായി. ആയത് പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) മുൻബാക്കി 20,032രൂപയും തൻ വർഷ തുക 1,60,000 രൂപയും ഉൾപ്പെടെയുള്ള തുകയാണ് മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുള്ളതെങ്കിലും ഓഡിറ്റ് വർഷത്തിൽ 10,000 രൂപ വീതം ആകെ 1,60,000 രൂപ മാത്രമാണ് വിവിധ വാർഡുകളിലേക്ക് നൽകിയിട്ടുള്ളത്.

2) ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 14വാർഡുകളിലായി 13,150 രൂപ ചെലവഴിക്കാൻ ബാക്കിയുള്ളതായി കാണുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശുചിത്വമിഷന് സമർപ്പിച്ച വിനിയോഗ സാക്ഷ്യ പത്രത്തിൽ 18-19 വർഷത്തിൽ 80765 രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ ബാലൻസ് തുക എത്രയെന്ന് വ്യക്തമല്ല

3) ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾക്ക് NRHM ൽ നിന്നും ഫണ്ട് ലഭിക്കുന്നുണ്ട്.അവ ഉപയോഗിച്ച് ചെയ്യുന്ന പ്രവർത്തനങ്ങളും ശുചിത്വ മിഷൻ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവർത്തനങ്ങളും ഒരേ രജിസ്റ്ററിൽ ഇട കലർത്തിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ മേൽ ഫണ്ടുകളിൽ നിന്നും ചെലവഴിച്ചതും ബാക്കിയുള്ളതുമായ തുകകളുടെ കൃത്യമായ വിവരം ലഭ്യമല്ല.

4) മെഡിക്കൽ ഓഫീസറുടെ 2-8-18 ലെ 390/18 നമ്പർ കത്ത് പ്രകാരം 7ാം വാർഡിൽ 5500ഉം 10ാം വാർഡിൽ 5000 ഉം ഉൾപ്പെടെ 10,500 രൂപ 2017-18 വർഷത്തിൽ ചെലവഴിക്കാൻ ബാക്കിയുണ്ട്. ടി തുക പിന്നീട് ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

5) മേൽ ചെലവുകളുമായി ബന്ധപ്പെട്ട ബാങ്ക് പാസ് ബുക്കുകൾ ലഭ്യമായിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണംനൽകേണ്ടതാണ്. കൂടാതെ, ജാഗ്രതാ പ്രവർത്തനങ്ങൾക്കായി 2018-19 വരെ ഗ്രാമ പഞ്ചായത്തിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച ശുചിത്വ

മിഷൻ ഫണ്ട്, തനത് ഫണ്ട് തുകൾ എത്രയെന്നും അവയിൽ ചെലവഴിച്ചതും ചെലവഴിക്കാൻ ബാക്കിയുള്ളതുമായ തുകകൾ സംബന്ധിച്ച വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം./തീയതി-13/18-12-2019) മറുപടി ലഭ്യമായിട്ടില്ല). ലഭ്യമാക്കാത്ത വാർഡുകളിലെ ചെലവ് തുക 20,000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-28 സമയപരിധി കഴിഞ്ഞ നിക്ഷേപങ്ങൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ്

AFS പരിശോധിച്ചതിൽ 31-03-19 തീയതിയിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ നിക്ഷേപമായി അവശേഷിക്കുന്നതായി കാണുന്നു.

| ഇനം | തുക |
|---|---|
| Contractors EMD | 5,500 |
| Suppliers EMD | 250 |
| Bidders EMD | 16,850 |
| Suppliers Security Deposit | 14,810 |
| Contractors Retention | 3,505 |
| Suppliers Retention | 4,762 |
| Other Deposits | 800 |
| | 46,477 |

ബന്ധപ്പെട്ട രജിസ്റ്ററിൽ 2017-18 മുതലുള്ള വിവരങ്ങൾ മാത്രമാണുള്ളത് എന്നതിനാൽ ടി തുകകൾ ഏത് വർഷം മുതലുള്ളതാണെന്ന് വ്യക്തമല്ല. ആയതിനാൽ മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരമുള്ള തുകകളിൽ സമയ പരിധി കഴിഞ്ഞ തുകകൾ കണ്ടെത്തി അയവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്

## 1-29 മുൻകൂർ തുകകൾ - ക്രമീകരണ വിവരം ലഭ്യമല്ല

AFS പ്രകാരം ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള മുൻകൂർ തുകകൾ 31-03-19 ന് ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| Sl. No | ഇനം | തുക |
|---|---|---|
| 1 | Temporary advance for official purposes | 4,96,800 |
| 2 | Advance to implementing Agencies | 7,81,960 |
| 3 | Advance to other authorised Agencies | 1,700 |
| 4 | Advance to others | 35,000 |

II) മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകളും31-03-19 ന് മുൻകൂറായി തുടരുന്നതായി കാണുന്നു.

| തുക | വൗച്ചർ നമ്പർ/ തീയതി | വിശദ വിവരങ്ങൾ |
|---|---|---|
| 13,050 | 21800109/19-5-18 | NREGS ന്റെ ഹരിതകേരളം പദ്ധതിക്കായി വിത്തുകൾ വാങ്ങിയതിന് വി. ഉസ്മാൻ, ഉസ്മാനിയ നഴ്സറിക്ക് നൽകിയത് |
| 3,725 | 6/2004-05, | കെ. ഉണ്ണികൃഷ്ണൻ, എൽ.ഡി.ക്ളാർക്കിന് വളാഞ്ചേരി |

| | 10-01-05 | പഞ്ചായത്തിലേക്ക് സ്ഥലം മാറ്റം ലഭിച്ചപ്പോൾ നൽകിയ മുൻകൂർ ശമ്പളം |
|---|---|---|

മേൽതുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്(പട്ടിക (I) ലെ ക്രമ നമ്പർ 2,3,4 എന്നിവയിലെ തുകകൾ 17-18 വർഷ AFS ലെ അതേ തുകകൾ തന്നെയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല)

## 1-30 അംഗൻവാടികളിലേക്ക് കളിക്കോപ്പുകൾ വാങ്ങൽ - സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരമുള്ള വാങ്ങൽ നടപടിക്രമം പാലിച്ചില്ല

ICDS Supervisor നിർവ്വഹണ ഉദ്ധ്യോഗസ്ഥയായി ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ "അംഗൻവാടികളിലേക്ക് കളിക്കോപ്പുകൾ " എന്ന പ്രൊജക്ട് പ്രകാരം (Pr.No.SO073/19) തൻ വർഷത്തിൽ 1,60,000 രൂപ ചുവടെ കൊടുത്തിരിക്കും പ്രകാരം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| തുക | ട്രഷറി ബിൽ നമ്പർ/തീയതി |
|---|---|
| 1,17,000 | 06/26-10-18 |
| 43,000 | 07/26-10-18 |

റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് വാങ്ങണം എന്നാണ് അംഗീകരിക്കപ്പെട്ട പ്രൊജക്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ TBS Publishers & Distributors എന്ന സ്ഥാപനത്തിൽ നിന്ന് നേരിട്ടാണ് കളിക്കോപ്പുകൾ വാങ്ങിയിട്ടുള്ളത് എന്ന് കാണുന്നു(Cash Bill No.1819/GLR- 90, തീയതി: 08-10-18).

എല്ലാ ത.സ്വ.ഭ.വ.സ്ഥാപനങ്ങളും സാധനങ്ങൾ വാങ്ങുമ്പോൾ 21-06-13 മുതൽ നിലവിൽ വന്ന സ.ഉ(പി)നം.03/2013/എസ്.പി.ഡി നമ്പർ ഉത്തരവ് പ്രകാരമുള്ള സ്റ്റോർ പർച്ചേസ് മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള നടപടികമങ്ങൾ പാലിക്കേണ്ടതാണെന്ന് 27-06-13ലെ 969/A2/2007/SPD നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം 1,00,000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ടെണ്ടർ മുഖേനയായിരിക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരമുള്ള വാങ്ങലിൽ ടെണ്ടർ നടപടിക്രമം പാലിച്ചിട്ടില്ല. TBS എന്ന സ്ഥാപനത്തിൽ നിന്ന് നേരിട്ട് കളിക്കോപ്പുകൾ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ " അധികാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വാങ്ങാനായിരുന്ന പ്രൊജക്ടിലെ നിർദ്ദേശം എന്നും TBS ലഭ്യമാക്കിയ സാക്ഷ്യപത്രം കണക്കിലെടുത്ത്, കളിക്കോപ്പുകളുടെ വിലയും ഗുണമേൻമയും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും സദുദ്ദേശ്യപരമായിട്ടുമാണ് മേൽ പ്രൊജക്ട് പ്രകാരമുള്ള വാങ്ങൽ TBS ൽ നിന്ന് നടത്തിയിട്ടുള്ളത് "എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ട് വാങ്ങാനായിരുന്ന പ്രൊജക്ടിലെ നിർദ്ദേശം എന്ന പരാമർശം ശരിയല്ല. റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്ന് വാങ്ങണം എന്നായിരുന്ന പ്രൊജക്ട് നിർദ്ദേശം. നേരിട്ട് വാങ്ങുന്നതിലൂടെ ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാകുന്നതിനുള്ള ഒരു അവസരം നഷ്ടപ്പെടുകയാണുണ്ടായിട്ടുള്ളത്. ആയതിനാൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായ ഇത്തരത്തിലുള്ള നടപടികൾ ഒഴിവാക്കേണ്ടതാണ്.

# <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 08.08.2019 മുതൽ 09.08.2019 വരെ | കെ.എസ്.എ.എം.പി.എം.15/1107/19 തിയതി.24.08.19 |

# 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | പ്രോ.നം-80/18-19 നെൽകൃഷി വിത്ത് വിതരണം, കൂലിച്ചെലവ് | 200000 | 0 |
| | 100000 | പ്രോ.നം-4/18-19 അംഗൻവാടി പോഷകാഹാരം | 100000 | 0 |
| | 200000 | പ്രോ.നം-6/18-19 ഭിന്നശേഷി സ്കോളർഷിപ്പ് | 200000 | 0 |
| | 100000 | പ്രോ.നം-16/18-19 പരിരക്ഷ പദ്ധതി | 100000 | 0 |
| | 998000 | പ്രോ.നം-61/18-19 ലൈഫ് ഭവന നിർമ്മാണം | 305000 | 693000 |
| | 200000 | പ്രോ.നം-30/18-19 ലൈഫ് എസ് സി ഭവന നിർമ്മാണം | 0 | 200000 |
| ആകെ | 1798000 | | 905000 | 893000 |
| ജില്ലാ പഞ്ചായത്ത് | 231000 | പ്രോ.നം-6/18-19 ഭിന്നശേഷി സ്കോളർഷിപ്പ് | 221800 | 9200 |
| | 264740 | പ്രോ.നം-61/18-19 ലൈഫ് ഭവന നിർമ്മാണം | 0 | 264740 |
| | 80600 | പ്രോ.നം-30/18-19 ലൈഫ് എസ് സി ഭവന നിർമ്മാണം | 0 | 80600 |
| ആകെ | 576340 | | 221800 | 354540 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിരനിക്ഷേപങ്ങൾ

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 32,11,441 |
| തൻവർഷം നിക്ഷേപിച്ച തുക | 2,82,471 |
| ആകെ | 34,93,912 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 34,93,912 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | അക്കൗണ്ട് നമ്പർ |
|---|---|---|
| SBI, Edarikode | 2,23,912 | 7707999028-8 |
| PSKCB | 32,70,000 | 0030130002151 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2018-19 വർഷത്തിൽ ലഭിച്ച 884 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2.1(3) | 784 | അബൂബക്കർ ചെങ്ങണശ്ശേരി | 118030103962/31.12.2018 |
| 2016-17 | 2.4(3) | 100 | മെഹഞ്ചിൻ വെഞ്ചേഴ്സ് | 97277100055/29.11.2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2(1) | 2016-17 | അദ്ധ്യായം-2 അനുബന്ധം-5 | തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | നടപടി തുടരുന്നു |
| 2015-16 | 2(3) | 2016-17 | -ടി- | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല. | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർജ്ജ് നടപടികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2002-03 | 3-14(1,2) | പി.സുബ്രഹ്മണ്യൻ | LF2875/spl.cell/sc/09 dtd29.03.2010 | 18,842 | -- | Rt. 11069/43/ 25.10.12 പ്രകാരം തിരിച്ചടച്ചു |
| 2 | 2003-04 | 3-13(1)part | എസ്.സുരേന്ദ്രൻനായർ | LF4520/spl.cell/sc5/09 dt. 02.05.12 | 14,484 | -- | Rt. 11065/28/ 14.08.12 പ്രകാരം തിരിച്ചടച്ചു |
| 3 | 2003-04 | 3-(12),3-(13)(1), 3(13)(2), 3(14)2,3(15) | ശ്രീ സി ജെ വർഗ്ഗീസ് , സെക്രട്ടറി | LF4520/spl.cell/sc5/09 dt. 02.05.12 | 28255 | 28255 | അടവാക്കിയ വിവരം ലഭ്യമല്ല |
| 4 | 2008-09 2010-11 | 3-12 | ഫ്രാൻസിസ് വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ | LF1957/spl.cell/C-SC/D1/13 dt. 24.03.15 | 21,631 | 21,631 | അടവാക്കിയ വിവരം ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 88924439 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74039400 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 325433 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 300000 | ഡോ. നസീറ കെ കെ, (മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-22 | 5433 | ശ്രീ സുഭാഷ് എസ് (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ) |
| 1-27 | 20000 | ശ്രീമതി ആൻസി ജോസഫ്, മെഡിക്കൽ ഓഫീസർ, ആരോഗ്യം |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. നസീറ കെ കെ, (മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് | കറുകത്താണി കുന്നത്ത് ഹൗസ്<br>പുത്തൂർ പി.ഒ.,<br>കോട്ടക്കൽ-676503 |
| ശ്രീ സുഭാഷ് എസ് (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ) | വി.ഇ.ഒ., പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് | താഴത്തോട്ടിൽ ഹൗസ്, നടുവത്തുചേരി<br>ചവറ സൗത്ത്. പി.ഒ.<br>കൊല്ലം-691584 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.എം.15/69/06/17-7-2006 | 7 |
| 2002-03 | എൽ.എഫ്.എം.11/47/07/16-6-2008 | 10 |
| 2003-04 | എൽ.എഫ്.എം.11/48/07/24-05-2008 | 10 |
| 2004-05 | എൽ.എഫ്.എം.11/2213/08/20-1-2009 | 7 |
| 2005- | എൽ.എഫ്.എം.18/786/10/14-09- | 13 |

| | | |
|---|---|---|
| 06 | 10/21-02-11 | |
| 2006-07 | എൽ.എഫ്.എം.18/787/10/14-9-10/21-2-2011 | 2 |
| 2007-08 | എൽ.എഫ്.എം.3/1250/10/8-11-2010 | 12 |
| 2008-09 മുതൽ 2010-11വരെ | എൽ.എഫ്.15/1874/12/23-8-12/6-10-12<br>എൽ.എഫ്.എം.15/2980/12/14-01-13 | 15 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.15/7/2016 Dtd. 16.02.2016 | 10 |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം.15/2014/2016 Dtd. 07.05.2017 | 6 |
| 2015-16 | കെ.എസ്.എ.എം.പി.എം.15/3213/2016 Dtd. 22.03.2018 | 9 |
| 2016-17 | കെ.എസ്.എ എം.പി.എം 15/1851/2017 dt. 30.04.2018 | 16 |
| 2017-18 | കെ.എസ്.എ എം.പി.എം 15/223/2019 dt. 01.06.2019 | 10 |

ഡെപ്യൂട്ടി ഡയറക്ടർ ഹയർ ഗ്രേഡ്

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.15/1107/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം-676505
ഫോൺ: 0483 2734951
ഇ.മെയിൽ:dompm.ksad@kerala.gov.in
തീയതി:24-08-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ

ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ് )